# മതംമാറാന് തയാറായില്ല, പാക്കിസ്ഥാനില് ക്രിസ്ത്യാനിയെ തീവച്ചു കൊലപ്പെടുത്തി

**ദിജിഎംന്യൂസ്, ഇന്ത്യ**



**വിശ്വാസത്തിന്റെ വില:** പാക്കിസ്ഥാനിൽ മതംമാറാൻ തയാറാകാഞ്ഞതിനെത്തുടർന്ന്
ഇസ്ലാമിക തീവ്രവാദികൾ തീവച്ചുകൊന്ന അർഷദ് മസിഹ്.

റാവുല്പിണ്ടി: ഇസ്ലാം മതം സ്വീകരിക്കാന് തയാറായില്ല എന്ന ഒറ്റക്കാരണത്താല് പാക്കിസ്ഥാനില് പോലസിന്റ സാന്നിധ്യത്തില് ക്രിസ്ത്യാനിയെ തീവച്ചു കൊന്നു. 80 ശതമാനം ശരീരത്തില് പൊള്ളലേറ്റ അര്ഷദ് മസിഹ് ആണ് റാവുല്പിണ്ടി ഹോളി ഫാമിലി ഹോസ്പിറ്റലില് വച്ച് നിര്യാതനായത്. അദ്ദേഹത്തിന്റ ഭാര്യയെ ബലാത്സംഗത്തിന് ആക്രമികള് ബലാത്സംഗം ചെയ്യുകയും ചെയ്തു. ഏഴും പന്ത്രണ്ടും വയസുള്ള മക്കളുടെ മുന്നില്വച്ചാണ് പിതാവിനെ തീക്കൊളുത്തിയതും മാതാവിനെ ഭീകരന്മാര് ബലാത്സംഗം ചെയ്തതെന്നും വിവിധ വാര്ത്താ ഏജന്സികള് റിപ്പോര്ട്ടു ചെയ്യുന്നു.

സ്ഥലത്തെ പ്രമുഖ മുസ്ലിം ബിസിനസുകാരനായ ഷേഖ് മുഹമ്മദ് സുല്ത്താന്റ ഡ്രൈവറായിരുന്നു ക്രിസ്ത്യാനിയായ അര്ഷദ്. അദ്ദേഹത്തിന്റ ഭാര്യയുടെ

സഹായിയായിട്ടായിരുന്നു അര്ഷദിനെ്റ ഭാര്യ മര്ത്ത ജോലി ചെയ്തിരുന്നത്.
കുടുംബമായി മുസ്ലിം ആകുവാന് സുല്ത്താന് അവരെ നിര്ബന്ധിക്കുക പതിവായിരുന്നു. എന്നാല് നിര്ബന്ധം സഹിക്കവയ്യാതായപ്പോള് ജോലി ഉപേക്ഷിക്കാന് അര്ഷദ് തയാറായി. എന്നാല് ഇതറിഞ്ഞ സുല്ത്താന് തനെ്റ അഞ്ചുലക്ഷം രൂപ അര്ഷദ് മോഷ്ടിച്ചുവെന്ന് ആരോപിച്ച് കേസുകൊടുത്തു.
മുസ്ലിം ആയാല് കേസ് പിന്വലിക്കാമെന്നായിരുന്നു അയാളുടെ നിലപാട്. എന്നാല് ഇതിനും വഴങ്ങാതെ വന്നതിനാല് അര്ഷദിനെ കൊന്നുകളയുമെന്നും മക്കളെ പിന്നെ കാണില്ലെന്നുമൊക്കെ ഇയാള് ഭീഷണിപ്പെടുത്തിത്തുടങ്ങി.
തനെ്റ ജീവന് ഹോമിക്കേണ്ടിവരുമെന്നറിഞ്ഞിട്ടും അര്ഷദ് മുസ്ലിം ആകാന് തയാറാകാതിരുന്നപ്പോഴാണ് ഒരുസംഘം അക്രമികളും പോലീസും ചേര്ന്നാണ് അര്ഷദിനെ കൊലപ്പെടുത്തിയത്. പോലീസ് സ്റ്റേഷനു മുന്നില്വച്ചായിരുന്നു കഴിഞ്ഞ വെള്ളിയാഴ്ച അദ്ദേഹത്തെ അക്രമികള് തീവച്ചതും ഭാര്യ മര്ത്തയെ ബലാത്സംഗം ചെയ്തതെന്നും റിപ്പോര്ട്ടുകള് പറയുന്നു.
സംഭവത്തോടനുബന്ധിച്ച് രണ്ടുപേരേ പോലീസ് അറസ്റ്റുചെയ്തതായി പഞ്ചാബ് പാക്കിസ്ഥാനിലെ പഞ്ചാബ് സര്ക്കാര് അറിയിച്ചു.